**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3253

14.07.2015-ലെ മറുപടിയ്ക്ക്

**ത്രിവേണി സ്റ്റോറുകളിലെ ദിവസവേതനജീവനക്കാർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്; | (എ) | സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ 915 ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരുടെ വേതന ഘടന തസ്തിക തിരിച്ച് ലഭ്യമാക്കുമോ ; | (ബി) | ത്രിവേണി സ്റ്റോറുകളിൽ സെയിൽസ്മാൻ എന്ന തസ്തിക മാത്രമാണ് ദിവസവേതനാടിസ്ഥാനത്തിൽ ഉള്ളത്. ടി തസ്തികയിലുൾപ്പെട്ടവർക്ക് നൽകുന്ന ദിവസ വേതനം 300 രൂപയാണ്. |
| (സി) | ദിവസവേതന ജീവനക്കാർക്ക് ശമ്പളം മുടങ്ങിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) യും (ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ത്രിവേണി യൂണിറ്റുകളിൽ കണക്കുകൾ പൂർത്തീകരിച്ച് സമർപ്പിക്കാത്തതിനാൽ വേതനം നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഫെഡറേഷൻ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പളം മുടക്കം കൂടാതെ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ